## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1363** **15-06-2012 - ലെ മറുപടിയ്ക്ക്**

## കാർഷികോല്പന്നങ്ങളുടെ വിലയിടിവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, ജെയിംസ് മാത്യു<br>,, ബി. ഡി. ദേവസ്സി | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കാർഷിമേഖലയിൽ വിലയിടിവ് നേരിടുന്ന കാർഷികോല്പന്നങ്ങൾ ഏതെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | (എ) വിലയിരുത്തിയിട്ടുണ്ട്. നെല്ല്, നാളികേരം, ഇഞ്ചി, ഏലം എന്നീ കാർഷികോത്പന്നങ്ങളാണ് സംസ്ഥാനത്തെ കാർഷിക മേഖലയിൽ വിലയിടിവ് നേരിടുന്നത്. |
| (ബി) ഇവയിൽ ഏതെല്ലാം ഉല്പന്നങ്ങൾക്കാണ് നിലവിൽ താങ്ങുവില/തറവില പ്രഖ്യാപിച്ചിട്ടുള്ളത് ; | (ബി) നെല്ല്, നാളികേരം എന്നീ ഉത്പന്നങ്ങൾക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. |
| (സി) ഇത്തരത്തിൽ വിലയിടിവ് നേരിടുന്ന ഉല്പന്നങ്ങൾ സർക്കാർ സംവിധാനം ഉപയോഗിച്ച് സംഭരണം നടത്തി അവ സംസ്കരിക്കുന്നതിന് ഉതകുന്നതരത്തിൽ കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഗണിക്കുമോ ? | (സി) ഉത്പന്നങ്ങൾ സംഭരിച്ച് സംസ്ക്കരിച്ച് കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**